പതിനാലാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1327

13.07.2016-ൽ മറുപടിയ്ക്ക്.

ദളിത് യുവതികളെ ആക്ഷേപിച്ചെന്ന ആരോപണം അന്വേഷിക്കുന്നത് സംബന്ധിച്ച്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. സി. ജോർജ് | ശ്രീ. പിണറായി വിജയൻ (ബഹു. മുഖ്യമന്ത്രി) |
| (എ) തലശ്ശേരി കുട്ടിമാക്കൂലിൽ ദലിത് യുവതികളെ ജാതിപ്പേർ വിളിച്ച് ആക്ഷേപിച്ചെന്നും ഇതിന്റെ വിവരം തിരക്കാനെത്തിയ യുവതികളുടെ പേരിൽ കള്ളക്കേസ് എടുത്ത് ഇവരെയും പിഞ്ചു കുഞ്ഞിനെയും ജയിലിൽ അടച്ചെന്നുമുള്ള സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) & (ബി) തലശ്ശേരി കുട്ടിമാക്കൂലിൽ ദലിത് യുവതികളുടെ പേരിൽ കള്ളക്കേസ് എടുത്തിട്ടില്ല. എന്നാൽ തലശ്ശേരി പി.എസ്. ക്രൈം നം.1159/16 u/s 341, 452, 323, 324 r/w 34 IPC പ്രകാരം രജിസ്റ്റർ ചെയ്ത കേസിൽ ഉൾപ്പെട്ട യുവതികളെ അറസ്റ്റ് ചെയ്തിട്ടുള്ളതും, ടി യുവതികളെ ബഹു.കോടതി റിമാന്റ് ചെയ്തിട്ടുള്ളതുമാണ്. ടി കേസ് ഇപ്പോൾ തലശ്ശേരി ഡി.വൈ.എസ്.പി ഊർജിതമായി അന്വേഷണം നടത്തി വരുന്നുണ്ട്. |
| (ബി) എങ്കിൽ ആയതിന്റെ സത്യാവസ്ഥ പുറത്തുകൊണ്ടുവരാൻ ഉന്നത ഉദ്യോഗസ്ഥരെ നിയമിച്ച് ഒരു സമഗ്ര അന്വേഷണം നടത്തുവാൻ തയ്യാറാകുമോ ? | |

സെക്ഷൻ ഓഫീസർ